# സ്വർഗ്ഗത്തിലെ സന്തോഷം

## ലൂക്കോസ് 15:7

**“അങ്ങനെ തന്നെ മാനസാന്തരം കൊണ്ട് ആവശ്യമില്ലാത്ത തൊണ്ണൂറ്റൊമ്പത് നീതിമാന്മാരെ കുറിച്ചുള്ളതിനേക്കാൾ മാനസാന്തരപ്പെടുന്ന ഒരു പാപിയെ ചൊല്ലി സ്വർഗ്ഗത്തിൽ അധികം സന്തോഷം ഉണ്ടാകും എന്ന് ഞാൻ നിങ്ങളോട് പറയുന്നു.”**

ഇന്ന് നാം ആയിരിക്കുന്ന വിശ്വാസസമൂഹം ദൈവത്തെ എപ്രകാരം സന്തോഷിപ്പിക്കാമെന്നും, പ്രസാദിപ്പിക്കാമെന്നും ചിന്തിച്ചുകൊണ്ട് പല വഴികൾ തേടി അലയുന്നവരാണ്. അങ്ങനെയുള്ള സമൂഹത്തോട്, ധൂർത്തപുത്രന്റെ ഉപമയിലൂടെ; യഥാർത്ഥമായി സ്വർഗ്ഗം സന്തോഷിക്കുന്നത് എപ്പോഴാണെന്ന് യേശു ക്രിസ്തു തന്നെ നമുക്ക് വ്യക്ത്മാക്കി തരുന്നു.

സ്വർഗ്ഗം സന്തോഷിക്കുന്ന അനുഭവം മറ്റൊന്നുമല്ല എന്റെയും നിങ്ങളുടെയും യഥർത്ഥമായ മാനസാന്തരമാണെന്ന് നാം വായിച്ച വാക്യത്തിൽ നിന്ന് വ്യക്തമാകുന്നു. അങ്ങനെയെങ്കിൽ യേശുവിനെ അറിഞ്ഞ എനിക്ക് യഥാർത്ഥമായി എന്റെ ദൈവത്തെ സന്തോഷിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് ഒന്ന് ശോധന ചെയ്ത് നോക്കാം. കൃപയാൽ നാം സൗജന്യമായി കാൽവറി ക്രൂശിലെ രക്തത്താൽ രക്ഷിക്കപ്പെടുവാൻ ഭാഗ്യം ലഭിച്ചിട്ടും, നമ്മെ ഓർത്ത് സ്വർഗ്ഗം സന്തോഷിക്കാൻ ഇടയായിത്തീർന്നിട്ടുണ്ടോ എന്ന് നമുക്ക് നമ്മോട് തന്നെ ഒന്ന് ചോദിച്ചു നോക്കാം. മാനസാന്തരപ്പെട്ടു എന്ന് അവകാശപ്പെടുന്നു എങ്കിൽ, അതിന്നു തക്കതായ ഫലം എന്നിൽ നിന്ന് അനുദിനം പുറപ്പെടണമെന്ന് ദൈവം ആഗ്രഹിക്കുന്നു. വചനം **മത്തായി 3:8** ൽ ഇപ്രകാരം പറയുന്നു, ‘മാനസാന്തരത്തിനു യോഗ്യമായ ഫലം കായ്പീൻ’.

യോനാ പ്രവാചകന്റെ പ്രസംഗത്തിലൂടെ നിനവെ പട്ടണം മുഴുവൻ മാനസാന്തരപ്പെട്ടു എന്ന് അവരുടെ പ്രവൃത്തികളാൽ കണ്ടപ്പോഴാണ്, അവർക്ക് വരുത്തുമെന്ന് പറഞ്ഞ അനർത്ഥത്തെ ഓർത്ത് അനുതപിച്ച് ദൈവം അവരോട് ക്ഷമിച്ചത്. അങ്ങനെയെങ്കിൽ എന്നിലും ഇതുപോലെ പ്രവൃത്തികളാൽ മാനസാന്തരം വെളിപ്പെടുന്നില്ലെങ്കിൽ എന്റെ മാനസാന്തരം യഥാർത്ഥമല്ല. പാപവഴികളെ എന്നെന്നേക്കുമായ് ഉപേക്ഷിച്ച്, നിത്യതയെ ലക്ഷ്യമാക്കി ജീവിക്കാൻ കഴിഞ്ഞാൽ മാത്രമേ, നമുക്ക് സ്വർഗ്ഗത്തെ സന്തോഷിപ്പിക്കാൻ കഴിയൂ. ഉപേക്ഷിക്കേണ്ടതെല്ലാം ഉപേക്ഷിക്കാതെ, ഒരു പുതുസൃഷ്ടി ആകാതെ നാം കഴിക്കുന്ന പ്രാർത്ഥനയും, ഉപവാസവും, ആരാധനയും ഒന്നും ദൈവത്തെ പ്രസാദിപ്പിക്കയില്ല എന്ന് നാം എപ്പോഴും ഓർക്കണം. മനുഷ്യൻ ബാഹ്യമായതു നോക്കുമ്പോൾ ദൈവം ഹൃദയത്തെ നോക്കുന്നവനാണ്. അതുകൊണ്ടാണ് വചനത്തിൽ

ഇപ്രകാരം പറയുന്നത് 'നിങ്ങളുടെ വസ്ത്രമല്ല ഹൃദയമാണ് കീറേണ്ടത്' എന്ന്. അതിനാൽ നമുക്കും മനസ്സു പുതുക്കി രൂപാന്തരം പ്രാപിച്ച് സ്വർഗ്ഗത്തെ സന്തോഷിപ്പിക്കുന്ന ഒരു മടങ്ങിവരവിനായി ഒരു പുതിയ സൃഷ്ടിയായി മാറുവാൻ തീരുമാനമെടുക്കാം. ധൂർത്തപുത്രനെ പഴിക്കാതെയും, വിധിക്കാതെയും കൈനീട്ടി സ്വീകരിച്ച്, അവനെ വിശുദ്ധീകരിച്ച ദൈവം, യഥാർത്ഥമായി അനുതപിച്ച് മടങ്ങിവരുന്നുവെങ്കിൽ എത്രവലിയ പാപത്തെയും കഴുകി വിശുദ്ധീകരിച്ച് നമ്മെയും തന്റെ മാറോട് ചേർക്കും. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

പരാമർശം:

വെളിപ്പാട് 2:5

നീ ഏതിൽ നിന്നു വീണിരിക്കുന്നു എന്ന് ഓർത്ത് മാനസന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തി ചെയ്ക, അല്ലാഞ്ഞാൽ ഞാൻ വരികയും നീ മാനസാന്തരപ്പെടാഞ്ഞാൽ നിന്റെ നിലവിളക്ക് അതിന്റെ നിലയിൽ നിന്നു നീക്കുകയും ചെയ്യും.

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 092